കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## കോടംതുരുത്ത് ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
## 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി-പി12-1252/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ ജില്ല

തീയതി. 16.12.2016
ഇമെയിൽ – ddhglfalpy@gmail.com
ഫോൺ – 0477 2252753

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കോടംതുരുത്ത് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കോടംതുരുത്ത് ഗ്രാമപഞ്ചായത്ത്- 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോടംതുരുത്ത് ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി-പി12-1252/16 തീയതി. 16.12.2016

# ആലപ്പുഴ ജില്ലയിലെ കോടംതുരുത്ത് ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കോടംതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.07.2016 മുതൽ 15.11.2016വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | സി.വൈ. സലിം, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 18.11.2016 മുതൽ 30.11.2016 വരെ | ശ്രീമതി.വി.മായ, ഓഡിറ്റ് ഓഫീസർ<br>ശ്രീ. ജോസഫ് ജോർജ്ജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.രാജിമോൾ.പി.സി, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1.പ്രസിഡന്റ്

| | | |
|---|---|---|
| 1. | ശ്രീ.പി.പി.മധു | 01.04.2015 മുതൽ 31.10.2015 വരെ |
| 2. | അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | 01.11.2015 മുതൽ 11.11.2015 വരെ |
| 3. | ശ്രീമതി. സൂസൻ സെബാസ്റ്റ്യൻ | 12.11.2015 മുതൽ 31.03.2016 വരെ |

2.സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീമതി.ടി.ആർ.രതകുമാരി | 01.04.2015 മുതൽ 06.04.2015 വരെ<br>04.05.2015 മുതൽ 31.05.2015 വരെ |
| 2 | ശ്രീ.പി.വി.മണിയപ്പൻ | 06.04.2015 മുതൽ 03.05.2015 വരെ |
| 3 | ശ്രീമതി.മേഴ്സി ചെറിയാൻ | 01.06.2015 മുതൽ 22.07.2015 വരെ |
| 4 | ശ്രീമതി.ശ്രീജ.സി | 23.07.2015 മുതൽ 08.02.2016 വരെ |
| 5 | ശ്രീ.എസ്.വേണുഗോപാൽ | 08.02.2016 മുതൽ 31.03.2016 വരെ |

3.സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീമതി.ദീജമ്മ ശിവദാസൻ | 01.04.2015 മുതൽ 31.10.2015 വരെ |
| | | ശ്രീ.പി.പി.മധു | 12.11.2015 മുതൽ 31.03.2016 വരെ |
| 2 | വികസനകാര്യം | ശ്രീ.വി.ജി.ജയകുമാർ | 01.04.2015 മുതൽ 31.10.2015 വരെ |
| | | ശ്രീമതി.ലിൻസി ജോസഫ് | 12.11.2015 മുതൽ 31.03.2016 വരെ |
| 3 | ക്ഷേമകാര്യം | ശ്രീമതി.സുജാത ധരണീധരൻ | 01.04.2015 മുതൽ 31.10.2015 വരെ |
| | | ശ്രീമതി.പാർവ്വതി രതീഷ് | 12.11.2015 മുതൽ 31.03.2016 വരെ |
| 4 | ആരോഗ്യകാര്യം<br>വിദ്യാഭ്യാസകാര്യം | ശ്രീ.ബിജു ജോസി | 01.04.2015 മുതൽ 31.10.2015 വരെ |
| | | ബേബി ടീച്ചർ | 12.11.2015 മുതൽ 31.03.2016 വരെ |

4.മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.സിസ്ഡു.പി.ജോസഫ് | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ, അലോപ്പതി | ശ്രീ.രഞ്ജിത്ത് മോനായി | 01.04.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ശ്രീ.മോഹൻദാസ് | 01.04.2015 മുതൽ 22.06.2015 വരെ |
| | ശ്രീ.സുരേഷ്.കെ.എസ് | 22.06.2015 മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| വെറ്റിനറി സർജൻ | ശ്രീമതി.സീന.ടി.എക്സ് | 01.04.2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ശ്രീലത | 01.04.2015 മുതൽ 30.04.2015വരെ |
| | ശ്രീമതി.ഷീല ലൈജു | 01.05.2015 മുതൽ 14.09.2015 വരെ |
| | ശ്രീമതി.വത്സലാമ്മ | 15.09.2015 മുതൽ 12.01.2016 വരെ |
| | ശ്രീമതി.ജയശ്രീ.ടി.പി | 13.01.2016 മുതൽ 31.03.2016 വരെ |
| പ്രധാനാധ്യാപിക, യു.പി.എസ്. | ശ്രീമതി.റോസമ്മ | 01.04.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.തോമസ് ഡിക്രൂസ്<br>ശ്രീമതി.റേച്ചൽ ബഞ്ചമിൻ | 01.04.2015 മുതൽ 18.05.2015വരെ<br>19.05.2015 മുതൽ 31.03.2016 വരെ |
| വില്ലേജ് എക്സ് റ്റെൻഷൻ ഓഫീസർ, കോടംതുരുത്ത് | ശ്രീ.സാംസൺ.എസ് | 01.04.2015 മുതൽ 31.03.2016 വരെ |
| വില്ലേജ് എക്സ് റ്റെൻഷൻ ഓഫീസർ, വല്ലേത്തോട് | ശ്രീമതി.സെയ്ഫുന്നിസ | 01.04.2015 മുതൽ 31.03.2016വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ഷിന്ധ്യ. എൽ.കെ | 01.04.2015 മുതൽ 31.03.2016 വരെ |

ഉള്ളടക്കം

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ഇനം |
|---|---|---|
| ഭാഗം – 1 | | |
| 1 | 1-1 മുതൽ 1-11 വരെ | പൊതു അവലോകനം |
| ഭാഗം – 2 | | |
| 2 | 2-1 | തുച്ഛമായ വാടകയിൽ കടമുറികൾ പ്രവർത്തിക്കുന്നു |
| 3 | 2-2 | ലേല കുടിശ്ശിക ഈടാക്കിയിട്ടില്ല. |
| 4 | 2-3 | പഞ്ചായത്ത് കെട്ടിടത്തിൽ വാടക ഒടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു |
| 5 | 2-4 | പരസ്യനികുതി ഈടാക്കുന്നില്ല. |
| 6 | 2-5 | വിമുക്ത ഭടന്മാരുടെ വസ്തുനികുതി ഇളവ് - രേഖകൾ ഹാജരാക്കിയിട്ടില്ല |
| | | |

| | | |
|---|---|---|
| ഭാഗം – 3 | | |
| 7 | 3-1 | പഞ്ചായത്തിന്റെ സമഗ്ര വികസനം മുൻനിർത്തി പ്രോജക്ടുകൾ ആവിഷ്കരിക്കരിച്ച് നടപ്പിലാക്കുന്നതിൽ അലംഭാവം - പദ്ധതിച്ചെലവിൽ ഗണ്യമായ കുറവ് |
| 8 | 3-2 | പാലിയേറ്റീവ് കെയർ- അനുവദിനീയമല്ലാത്ത ചെലവ് |
| 9 | 3-3 | മീഡിയശ്രീ പദ്ധതി പൂർത്തികരിച്ചിട്ടില്ല |
| 10 | 3-4 | പട്ടികജാതി ഫണ്ട് വകമാറ്റി ചെലവഴിച്ചു. |
| 11 | 3-5 | ഗാർഹിക കുടിവെള്ള കണക്ഷൻ,പഠനോപകരണങ്ങൾ നൽകൽ -രേഖകളില്ലാതെ സബ്സിഡി നൽകി |
| 12 | 3-6 | വെള്ളക്കരം - കുടിശ്ശിക നൽകിയ തുകയുടെ വിശദാംശങ്ങളില്ല |
| 13 | 3-7 | ഡെപ്പോസിറ്റ് വർക്ക്-പ്രവൃത്തി പൂർത്തികരിക്കാതെ വീണ്ടും അധിക തുക നൽകി |
| 14 | 3-8 | പാലിയേറ്റീവ് ഹോം കെയർ രജിസ്റ്റർ പ്രകാരമല്ലാത്ത ചെലവ് |
| 15 | 3-9 | തൊഴിൽരഹിത വേതനം- അർഹതയില്ലാത്ത കാലയളവിലും നല്കി |
| 16 | 3-10 | 12-ാം വാർഡിൽ പൈങ്ങുംതറ റോഡ് നിർമ്മാണവും പൈപ്പ് ഇടലും - ഗ്രാവൽ ഫില്ലിംഗ് അളവിൽ നിന്നും പൈപ്പിന്റെ വ്യാപ്തം കുറച്ചിട്ടില്ല |
| 17 | 3-11 | 8-ാം വാർഡിൽ വടക്കുംപ്രായിൽ ഫുട്പാത്ത് കോൺക്രീറ്റിംഗ് - സിമന്റ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകി |
| 18 | 3-12 | 9-ാം വാർഡിൽ എം.വി.പുരുഷൻ-പി.എച്ച്.സി റോഡ് ടാറിംഗ് - ബ്ലൈന്റിംഗ് മെറ്റീരിയൽ ആവശ്യത്തിലധികം ഉപയോഗിച്ചത് മൂലം അധിക ചെലവ്. |
| 19 | 3-13 | ഫില്ലിംഗിന്റെ ടേപ്പ് മെഷർമെന്റ് അളവിൽ നിന്നും 10% കുറവ് വരുത്തിയില്ല |
| 20 | 3-14 | ലേബർ ചാർജ് ഇനത്തിൽ അധിക തുക നല്കി |
| 21 | 3-15 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- അവലോകനം |
| ഭാഗം – 4 | | |
| 22 | 4-1 മുതൽ 4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |

# ഭാഗം 1

# പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 30.03.2015 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 90617530 | 107909750 |

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 25.07.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 23908249 |
| വരവ് | 26681052 |
| ആകെ | 50589301 |
| ചെലവ് | 43323899 |
| നീക്കിയിരിപ്പ് | 7265402 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3898242 | 7717076 | 11615318 | 11615318 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 4509060 | 4980785 | 9489845 | 9489845 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 84400 | 126800 | 211200 | 211200 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 301363 | 784726 | 1086089 | 1086089 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1390078 | 1123316 | 2513394 | 2513394 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3806639 | 4888235 | 8694874 | 8694874 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 2865386 | 0 | 2865386 | 2865386 | 0 | 100 |
| എം.എൻ.ആർ.ഇ.ജി.എസ്. | 80883 | 22344963 | 22425846 | 22070291 | 355555 | 98.41 |
| ബി ഫണ്ട് | 70440 | 21634060 | 21704500 | 21704500 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 207 | 47473684 | 117 | 26191608 | 0 | 90 | 55 |

## 1-7 തനത് വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 9.66 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം (2014-15) | തൻവർഷം (2015-16) | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2740283 | 2506463 | (-)233820 | (-) 8.53 |
| നികുതിയേതര വരവുകൾ | 478093 | 376277 | (-)101816 | (-) 21.30 |
| മറ്റ് വരവുകൾ | 33895 | 55224 | (+)21329 | (+) 62.93 |
| ആകെ | 3252271 | 2937964 | (-)314307 | (-) 9.66 |

## 1-8 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 599040 | 318 |
| കർഷകതൊഴിലാളി പെൻഷൻ | 4090800 | 474 |
| വിധവാപെൻഷൻ | 6791800 | 612 |
| വാർദ്ധക്യകാലപെൻഷൻ | 6532950 | 962 |
| വികലാംഗപെൻഷൻ | 2597630 | 243 |
| അവിവാഹിതപെൻഷൻ | 901840 | 81 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 120000 | 4 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.11.2016 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 2514/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തുകളിൽ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.7.2009 ലെ ജി.ഒ(എം.എസ്)23/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നുണ്ട്. വിമുക്തഭടന്മാരുടെ വസ്തുനികുതി ഇളവ് സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.10.2016 | 9/2016 | 21.11.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.07.2016 | 2010-11 മുതൽ 2015-16 വരെ | 30.09.2016 |

# ഭാഗം-2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തുച്ഛമായ വാടകയിൽ കടമുറികൾ പ്രവർത്തിക്കുന്നു

നാഷണൽ ഹൈവേയോട് ചേർന്ന് പഞ്ചായത്ത് വക സ്ഥലത്ത് 2008ൽ ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച് നല്കിയ ഷോപ്പിംഗ് കോംപ്ലക്സിലെ താഴത്തെ നിലയിൽ 8 മുറികളും മുകളിലെ നിലയിൽ 2 മുറികളും ഒരു ഹാളുമാണ് ഉള്ളത്. 18-12-2014 ൽ പഞ്ചായത്ത് സെക്രട്ടറിയും പട്ടണക്കാട് ബി.ഡി.ഒ യും ചേർന്ന് ഒപ്പു വച്ച കരാറിലെ വ്യവസ്ഥകൾ പ്രകാരം IRDP/SGSY ഗുണഭോക്താക്കളുടെ അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ഇതിലെ മുറികൾ അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി വാടകരഹിതമായി നല്കുന്നതിനും ബാക്കിയുള്ള കടമുറികൾ പഞ്ചായത്തിന് സ്വന്തം നിലയ്ക്ക് പഞ്ചായത്ത് തീരുമാനത്തിന് അനുസൃതമായി നല്കാവുന്നതാണെന്നും തീരുമാനിച്ചിട്ടുണ്ട്. ഇപ്രകാരം വാടകയ്ക്ക് നല്കിയിട്ടുള്ള ടി ഷോപ്പിങ് കോംപ്ലക്സിലെ കുടുംബശ്രീ അംഗങ്ങളുടെ തയ്യൽ യൂണിറ്റായി പ്രവർത്തിക്കുന്ന IX/180 നം. കടമുറിക്ക് വെറും 56/- രൂപയും IX/184 നം. മുറിയിൽ പ്രവർത്തിക്കുന്ന പട്ടികജാതി കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 250/- രൂപയും മാത്രമാണ് പ്രതിമാസ വാടകയായി ഈടാക്കുന്നത്. എന്നാൽ ഇതേ കെട്ടിടത്തിലെ IX/471, IX/472, IX/473 എന്നീ മുറികളിൽ പ്രവർത്തിച്ച് വരുന്ന സിവിൽ സപ്ലൈസ് മാവേലി സ്റ്റോറിന്റെ പ്രതിമാസ വാടക LSGD അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ നല്കിയ വാല്യുവേഷൻ പ്രകാരം 21,230/- രൂപയാണ്. ആയതിനാൽ ഇതിന് ആനുപാതികമായ വാടക മേല്പറഞ്ഞ കടമുറികളിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

കൂടാതെ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മാർക്കറ്റിലെ കടമുറികൾക്ക് വളരെ തുച്ഛമായ വാടകയാണ് ഈടാക്കിവരുന്നത്. വർഷം തോറും വാടകയിൽ 5% വർദ്ധന വരുത്തുന്നുണ്ടെങ്കിലും വളരെ കുറഞ്ഞ വാടകയാണ് ഇവയിൽനിന്നും ലഭിക്കുന്നത്. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമായിട്ടില്ല. ആവശ്യമെങ്കിൽ അറ്റകുറ്റപ്പണികൾ നടത്തി ഈ മുറികളുടെ വാടക വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 2-2 ലേല കുടിശ്ശിക ഈടാക്കിയിട്ടില്ല.

2013-14 വർഷം പഞ്ചായത്തിന്റെ പൊതുമാർക്കറ്റിലെ മാംസ വില്പന ലേലം ശ്രീ.നാസർ, അജാസ് മൻസിൽ, ചന്തിരൂർ എന്ന വ്യക്തിക്ക് 63,000/- രൂപയ്ക്ക് നല്കിയിരുന്നു. എന്നാൽ ടിയാൻ മുൻകൂറായി ഒടുക്കിയിട്ടുള്ള 30,000/- രൂപ (രസീത് നം.1229/112011, തീ. 15.03.2013) കിഴിച്ച് ശേഷിക്കുന്ന 33,000/- രൂപ നാളിതുവരെയായി ഒടുക്കിയിട്ടില്ല. ബാക്കി തുക ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ടിയാൾക്ക് നോട്ടീസ് നല്കി തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക പലിശസഹിതം ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 2-3 പഞ്ചായത്ത് കെട്ടിടത്തിൽ വാടക ഒടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1. പഞ്ചായത്ത് കെട്ടിടത്തിൽ ലൈബ്രറിയോട് ചേർന്നുള്ള മുറിയിൽ സ്വകാര്യ വ്യക്തി പൊതുജന സഹായകേന്ദ്രം എന്ന പേരിൽ ഒരു ഫോട്ടോസ്റ്റാറ്റ് സ്ഥാപനം വാടക ഇല്ലാതെ 2010 മുതൽ നടത്തി വരുന്നു. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലും ഇത് സംബന്ധിച്ച് പരാമർശം ഉണ്ടായിരുന്നു വെങ്കിലും നാളിതുവരെയായി ഇവരിൽ നിന്നും വാടക ഈടാക്കിയിട്ടില്ല. വൈദ്യുതി ചാർജ്ജും പഞ്ചായത്ത് തന്നെയാണ് ഒടുക്കുന്നത്. പഞ്ചായത്തിന് ഉപയോഗപ്രദമായ രീതിയിൽ വിനിയോഗിക്കാവുന്ന ഈ മുറിയിൽ ഇത്തരത്തിൽ വാടകരഹിതമായി ഒരു സ്ഥാപനം പഞ്ചായത്ത് വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിച്ച് വരുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ്

എൻക്വയറി നല്കിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.പഞ്ചായത്ത് വൈദ്യുതിയും സ്ഥല സൗകര്യവും ഉപയോഗിച്ച് സ്വകാര്യ വ്യക്തിയെ ഇത്തരത്തിൽ പ്രവർത്തിക്കാൻ അനുവദിക്കുന്നതിന് പകരം ടിയാളുമായി കരാർ ചമച്ച് വാടക ഈടാക്കുന്നതിനോ അല്ലാത്തപക്ഷം പരിമിതമായ സ്ഥലസൗകര്യം മാത്രമുള്ള പഞ്ചായത്തിന് ഉപയോഗപ്രദമായ രീതിയിൽ ഈ മുറി വിനിയോഗിക്കുന്നതിനോ ഉള്ള നടപടികൾ പഞ്ചായത്ത് കമ്മിറ്റി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

2. പഞ്ചായത്ത് ഓഫീസിന് സമീപമുള്ള പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ളക്സിലെ IX/471, IX/472, IX/473 എന്നീ മുറികളിൽ 04/02/2011 മുതൽ പ്രവർത്തിച്ച് വരുന്ന സിവിൽ സപ്ലൈസ് മാവേലിസ്റ്റോറിന്റെ വാടക, കരാറിലെ വ്യവസ്ഥ പ്രകാരം 04/02/2011 മുതൽ 04/02/2014 വരെ മൂന്ന് വർഷത്തേക്ക് സൗജന്യമായണ് നല്കിയിരുന്നത്. കരാർ കാലാവധി അവസാനിച്ച് നാളിതുവരെയായിട്ടും വാടക ഈടാക്കിയിട്ടില്ല. LSGD അസി.എക്സി.എൻജിനീയർ നല്കിയ വാല്യുവേഷൻ പ്രകാരം പ്രസ്തുത കടമുറിയുടെ പ്രതിമാസ വാടക 21,230/- രൂപയാണ്. ഈ തുക കുടിശ്ശിക സഹിതം ഒടുക്കണമെന്നാവശ്യപ്പെട്ട് 25/8/2016 ൽ സപ്ലൈക്കോ ഡിപ്പോ മാനേജർക്ക് കത്ത് നല്കിയിട്ടുണ്ടെങ്കിലും കരാർ ചമയ്ക്കുകയോ തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുള്ളതായി കാണുന്നില്ല. വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. വാടക കുടിശ്ശിക സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 2-4 <u>പരസ്യനികുതി ഈടാക്കുന്നില്ല.</u>

നാഷണൽ ഹൈവേയോട് ചേർന്ന് സ്ഥിതിചെയ്യുന്ന പഞ്ചായത്തിൽ ധാരാളം പരസ്യ ബോർഡുകൾ, കമാനങ്ങൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ 2015-16 വർഷവും ഇവയിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് പരസ്യനികുതി ഇനത്തിൽ യാതൊരു വരുമാനവും ലഭിച്ചിട്ടില്ല. 2015-16 ലെ പരസ്യനികുതി പിരിവ് ഒരാൾ ലേലം പിടിച്ചിരുന്നതാണെങ്കിലും തുക വളരെ തുച്ഛമായിരുന്നതിനാൽ ലേലം റദ്ദ് ചെയ്ത് ക്വട്ടേഷൻ ക്ഷണിക്കുവാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചെങ്കിലും ആരും ക്വട്ടേഷൻ നല്കിയില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ, തുടർന്നങ്ങോട്ട് പരസ്യനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. പൊതുവെ വരുമാനം കുറഞ്ഞ പഞ്ചായത്തിൽ പരസ്യനികുതി പിരിച്ചെടുക്കുന്നതിനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 2-5 <u>വിമുക്ത ഭടന്മാരുടെ വസ്തുനികുതി ഇളവ് - രേഖകൾ ഹാജരാക്കിയിട്ടില്ല</u>

02-07-2013 ലെ സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) 242/2013 ത.സ്വ.ഭ.വ പ്രകാരം വിമുക്ത ഭടന്മാരുടെ വീടിന്റെ തറ വിസ്തീർണ്ണം 2000 ച. അടിയിൽ കവിയാതിരുന്നാൽ മാത്രമേ വസ്തുനികുതി ഇളവിന് അർഹതയുള്ളൂ. ഇളവ് സംബന്ധിച്ച് പ്രത്യേകം രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും മറ്റൊരു കെട്ടിടത്തിനും ഇളവ് ലഭിക്കുന്നില്ലെന്ന സാക്ഷ്യപത്രം വാങ്ങേണ്ടതുമാണ്. വിമുക്ത ഭടന്റെ ഡിസ്ചാർജ്ജ് സർട്ടിഫിക്കറ്റിലോ സർവ്വീസ് രേഖയിലോ ഇളവ് വിവരം മുദ്ര വച്ച് നല്കണം. കൂടാതെ നികുതി ഇളവിനുള്ള അപേക്ഷ എല്ലാ സാമ്പത്തിക വർഷവും ഏപ്രിൽ 10 നകം പഞ്ചായത്തിൽ സമർപ്പിക്കണം. എന്നാൽ 2015-16 സാമ്പത്തിക വർഷം പഞ്ചായത്തിൽ 36 വിമുക്തഭടന്മാർക്ക് നികുതി ഇളവ് നൽകിയിട്ടുണ്ടെങ്കിലും മേല്പറഞ്ഞ മാനദണ്ഡങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. ഇവരിൽ നിന്നും വർഷം തോറും അപേക്ഷ സ്വീകരിക്കുകയോ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുകയോ ചെയ്യുന്നില്ല. ഇളവ് സംബന്ധിച്ച എല്ലാ രേഖകളും ഹാജരാക്കണമെന്നാവശ്യപ്പെട്ട് എൻക്വയറി നല്കിയെങ്കിലും സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും ലഭിച്ച നികുതി ഇളവ് ലഭിക്കുന്നവരുടെ ഒരു ലിസ്റ്റ് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ഇതിൽ കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം ഇല്ല. എല്ലാ വർഷവും വിമുക്ത ഭടന്മാരിൽ നിന്നും നികുതി ഇളവിനുള്ള അപേക്ഷകൾ വാങ്ങേണ്ടതും രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പഞ്ചായത്തിന്റെ സമഗ്ര വികസനം മുൻനിർത്തി പ്രോജക്ടുകൾ ആവിഷ്കരിക്കരിച്ച് നടപ്പിലാക്കുന്നതിൽ അലംഭാവം - പദ്ധതിച്ചെലവിൽ ഗണ്യമായ കുറവ്

ഗ്രാമ പഞ്ചായത്തിന്റെ 2015-16-ലെ പദ്ധതി പ്രവർത്തനങ്ങൾ അവലോകനം ചെയ്തതിൽ, മുൻ വർഷങ്ങളിലെ അപേക്ഷിച്ച് പദ്ധതി ചെലവിൽ ഗണ്യമായ കുറവ് കാണുന്നു. കാർഷിക, മൃഗസംരക്ഷണ, ക്ഷീരവികസന മേഖലകളിൽ തുച്ഛമായ തുകകളാണ് ചെലവഴിച്ചിട്ടുള്ളത്. പൊതുമരാമത്ത് പ്രവൃത്തികളും താരതമ്യേന കുറവാണ്.പൊതുമരാമത്ത് പ്രവൃത്തികളിൽ, 131 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 70 എണ്ണം മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. പൊതുമരാമത്ത് പ്രവൃത്തികൾക്കായി വകയിരുത്തിയ തുകയുടെ 49 ശതമാനം മാത്രമാണ് ചെലവ്. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകളുടെ എണ്ണം | നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 34 | 20 | 8240820 | 5328537 | 65 |
| 2 | കൃഷി ഓഫീസർ | 2 | 2 | 360000 | 360000 | 100 |
| 3 | വെറ്റിനറി സർജൻ | 6 | 1 | 295000 | 25000 | 8 |
| 4 | വി.ഇ.ഒ,വല്ലേത്തോട് | 11 | 10 | 2948100 | 17779000 | 60 |
| 5 | വി.ഇ.ഒ, കോടംതുരുത്ത് | 14 | 12 | 3402100 | 2614500 | 77 |
| 6 | അസി.എഞ്ചിനീയർ | 131 | 70 | 23633467 | 11567869 | 49 |
| 7 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 50000 | 5000 | 100 |
| 8 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 5 | 4 | 1682100 | 1551500 | 92 |
| 9 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 2 | 2 | 180000 | 180000 | 100 |

| | | | | | | |
|---|---|---|---|---|---|---|
| 10 | മെഡിക്കൽ ഓഫീസർ, അലോപ്പതി | 4 | 4 | 608560 | 587753 | 97 |
| 11 | ഹെഡ്മാസ്റ്റർ | 2 | 2 | 925000 | 911250 | 99 |

2015-16 ൽ ഗ്രാമപഞ്ചായത്ത് വികസന ഫണ്ടിൽ ട്രാൻസ്ഫർ ക്രെഡിറ്റായി ലഭിച്ച തുകയിൽ നിന്ന് മാത്രമാണ് തുക ചെലവഴിച്ചിട്ടുള്ളത്. തൻവർഷം ലഭിച്ച അലോട്ട്മെന്റിൽ നിന്നും ചെലവൊന്നുമില്ല. ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ട് വിവിധ മേഖലകളിൽ ജനോപകാരപ്രദമായ പ്രോജക്ടുകൾ ആവിഷ്കരിക്കരിച്ച് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-2 പാലിയേറ്റീവ് കെയർ- അനുവദിനീയമല്ലാത്ത ചെലവ്

പാലിയേറ്റീവ് കെയർ (പ്രോജക്ട് നമ്പർ - 0166/16)

ബിൽ നം-8/2015-16, Rs. 16,245/-, തീയതി. 11.11.2015

2015-16 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നടപ്പിലാക്കിയ പാലിയേറ്റീവ് പരിചരണം പദ്ധതിയിൽ (പ്രോജക്ട് നം- എസ് 0064/15) പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖകൾ (ജി.ഒ (എം.എസ്) 228/2012 തസ്വഭവ, തീയതി - 23.08.2012 & ജി.ഒ (ആർ.ടി) 3217/2015 തസ്വഭവ, തിയതി- 29.10.2015) പ്രകാരമോ സബ്സിഡി മാർഗ്ഗരേഖ പ്രകാരമോ ലഭ്യമാക്കാവുന്ന പരിചരണ സേവനങ്ങളിലോ ഹോം കെയർ കിറ്റിലോ ഉൾപ്പെടാത്ത ഭക്ഷ്യവസ്തുക്കൾ പദ്ധതി ഫണ്ടിൽ നിന്നും വാങ്ങി നൽകിയിട്ടുണ്ട്. 11.11.2015 ൽ ബിൽ നം. 08/2015-16 പ്രകാരം കുത്തിയതോട് നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും 15.10.2015 ലെ 3677 നമ്പർ ഇൻവോയ്സ് പ്രകാരം 90 ജാർ (1kg each) വൈറ്റ് ഓട്സ് (@Rs 190/Kg) ആണ് വാങ്ങി വിതരണം ചെയ്തിട്ടുള്ളത്. ഈയിനം വാങ്ങി നൽകുവാനുണ്ടായ സാഹചര്യം വിശദമാക്കുവാൻ എൻക്വയറി നൽകിയെങ്കിലും മാർഗ്ഗരേഖ പ്രകാരമല്ലാത്ത ഇത്തരം ചെലവ് ഒഴിവാക്കുന്നതാണ് എന്നാണ് മറുപടി ലഭ്യമാക്കിയത്. മാർഗ്ഗരേഖക്ക് വിരുദ്ധമായി ഭക്ഷ്യവസ്തുക്കൾ വാങ്ങി നൽകുന്നതിനായി ചെലവഴിച്ച 16,245/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 മീഡിയശ്രീ പദ്ധതി പൂർത്തികരിച്ചിട്ടില്ല

മീഡിയ ശ്രീ (പ്രോജക്ട് നം- എസ് 168/16)

(ബിൽ നം-12/15-16 Rs.65000/- തിയതി- 16.02.2016)

വി.ഇ.ഒ വല്ലേത്തോട് നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം കുടുംബശ്രീ മിഷന്റെ മീഡിയാശ്രീ പദ്ധതിയുടെ ഭാഗമായി തദ്ദേശസ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാനങ്ങളും പദ്ധതികളും ഉൾപ്പെടുത്തിയ ഡോക്യുമെന്ററി തയ്യാറാക്കി നൽകുന്നതിനായി സർക്കാർ ഉത്തരവ് (സാധാ)നം.813/2015/LSGD, dtd 20/03/2015, ഉത്തരവ് (സാധാ)നം. 462/2016/LSGD dtd 16/02/2016 എന്നിവ പ്രകാരം 65000/- രൂപ ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് 18.02.2016 ലെ 1697665 നമ്പർ ഡി.ഡി വഴി നൽകിയിട്ടുണ്ട്. അഡ്വാൻസ് തുക നൽകൽ, ഡോക്യുമെന്ററി ലഭ്യമാക്കൽ എന്നിവ സംബന്ധിച്ച് കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ, പഞ്ചായത്ത് സെക്രട്ടറി എന്നിവർ തമ്മിൽ കരാറിലേർപ്പെട്ടത് പ്രകാരം കുടുംബശ്രീ ജില്ലാ മിഷൻ തുക കൈപ്പറ്റി നിശ്ചിത സമയത്തിനുള്ളിൽ (60 ദിവസത്തിനകം) ഡോക്യുമെന്ററിയുടെ 10 പകർപ്പുകൾ പഞ്ചായത്തിന് നൽകേണ്ടിയിരുന്നു. എന്നാൽ ഇവ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. കരാർ പ്രകാരമുള്ള ഡോക്യുമെന്ററിയുടെ പകർപ്പുകൾ കരാർ കാലാവധി പൂർത്തിയായി ഇത്രയും നാൾ കഴിഞ്ഞിട്ടും ലഭ്യമാക്കാത്ത സാഹചര്യത്തിൽ ഇതിനായി കൈപ്പറ്റിയ തുക തിരികെ ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-4 പട്ടികജാതി ഫണ്ട് വകമാറ്റി ചെലവഴിച്ചു.

അംഗൻവാടി അനുപൂരകപോഷകാഹാരം- പട്ടികജാതി വിഭാഗം (പ്രോജക്ട് നം-89/2016)

ബിൽ നം -07/2015-16, Rs. 250000, dtd 31.03.16

2015-16 സാമ്പത്തിക വർഷത്തിൽ ICDS സൂപ്പർവൈസർ നടപ്പിലാക്കിയ അംഗൻവാടി അനുപൂരക പോഷകാഹാരം - പട്ടികജാതി വിഭാഗം (പ്രോജക്ട് നം-89/2016) എന്ന പദ്ധതിയിൽ അനുപൂരക പോഷകാഹാരം നൽകുന്നതിനായി പ്ലാൻ ഫണ്ട് (SCP) ൽ നിന്നും പിൻവലിച്ച 250000/- രൂപയുടെ ചെലവുരേഖകൾ പരിശോധിച്ചതിൽ എസ്.സി ഫണ്ടിൽ നിന്നും പിൻവലിച്ച തുക, ആ വിഭാഗത്തിൽ ചെലവഴിക്കാതെ അനുപൂരക പോഷകാഹാരം (ജനറൽ) പദ്ധതിയിലെ 2016 ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ രണ്ട് ബില്ലുകളും ഒരു ബില്ലിലെ ഭാഗികമായ തുകയും പദ്ധതിയിൽ നിന്നും മാറി നൽകുകയാണ് ചെയ്തിട്ടുള്ളത്. അനുപൂരക പോഷകാഹാര പദ്ധതി ജനറൽ, എസ്.സി.പി, റ്റി.എസ്.പി, എ.പി.എൽ, ബി.പി.എൽ വേർതിരിവില്ലാതെ നടപ്പാക്കുന്ന പദ്ധതിയാണെന്നിരിക്കെ അതിനായി പ്രത്യേകം പട്ടികജാതി ഫണ്ടുപയോഗിച്ച് പദ്ധതി തയ്യാറാക്കി അതിൽ നിന്നും ജനറൽ പദ്ധതിയിലെ ബില്ലുകൾ മാറിയത് നിർവ്വഹണത്തിലെ വീഴ്ചയാണ്. പട്ടികജാതി വിഭാഗത്തിനായി സർക്കാർ വകയിരുത്തിയ തുക ആ വിഭാഗത്തിനായി ചെലവഴിക്കാതെ വകമാറ്റിയതിനും അനധികൃതമായി പട്ടികജാതി ഫണ്ടിൽ ചെലവ് കാണിച്ചതിനും തൃപ്തികരമായ വിശദീകരണം നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയില്ല. പട്ടികജാതി ഉപവിഭാഗത്തിൽ വകയിരുത്തുന്ന തുക ആ വിഭാഗത്തിൽ ഏറ്റവും പ്രയോജനപ്രദമായി വിനിയോഗിക്കുന്ന വിധം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-5 ഗാർഹിക കുടിവെള്ള കണക്ഷൻ,പഠനോപകരണങ്ങൾ നൽകൽ -രേഖകളില്ലാതെ സബ്സിഡി നൽകി

2015-16 സാമ്പത്തിക വർഷത്തിൽ വി.ഇ.ഒ കോടംതുരുത്ത് നടപ്പിലാക്കിയ വിവിധ പദ്ധതികളിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1. ഗാർഹിക കുടിവെള്ള കണക്ഷൻ -എസ്.സി (പ്രോജക്ട് നം- എസ് 0099/16 -S.O)

ശ്രീമതി.സത്യഭാമ,നികർത്തിൽ,എഴുപുന്ന തെക്ക്, (ബിൽ നം-33/15-16)
ശ്രീമതി.സുധർമ്മ,പുത്തനാട്ട് കോളനി,എഴുപുന്ന തെക്ക്, (ബിൽ നം-10/15-16)

ഈ പദ്ധതി പ്രകാരം 78 പേർക്ക് 6000/- രൂപ നിരക്കിൽ ഗാർഹിക കുടിവെള്ള കണക്ഷൻ സബ്സിഡി നൽകുന്നതിനായി ആകെ 468000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ അപേക്ഷകൾ പരിശോധിച്ചതിൽ സബ്സിഡി നൽകിയ താഴെപ്പറയുന്ന 2 പേർക്ക് വാട്ടർ അതോറിറ്റിയിൽ നിന്നും കുടിവെള്ള കണക്ഷൻ ലഭിച്ചുവെന്നത് സംബന്ധിച്ച യാതൊരു രേഖകളുമില്ലാതെയാണ് ധനസഹായം നൽകിയിട്ടുള്ളത്.

(ബിൽ നം-33/15-16 Rs.90,000/- തിയതി- 31.03.2016)
(ബിൽ നം-10/15-16 Rs.24,000/- തിയതി- 20.10.2015)

2. പഠനോപകരണ വിതരണം -എസ്.റ്റി (പ്രോജക്ട് നം- എസ് 00176/16)

(ബിൽ നം-29/15-16, Rs.5,800/- തിയതി-29.03.2016)

ഈ പദ്ധതിയിൽ ശ്രീ.തിലകൻ, ചിറയിൽ, എഴുപുന്ന തെക്ക് എന്ന ഗുണഭോക്താവിന്റെ 2 മക്കൾക്ക് സ്കൂൾ പഠനോപകരണങ്ങൾ വാങ്ങിയതിന് സബ്സിഡി അനുവദിക്കുന്നതിനായി പ്ലാൻ ഫണ്ടിൽ നിന്നും 11/04/2016 ലെ 123278-ാം നമ്പർ ബാങ്കേഴ്സ് ചെക്ക് പ്രകാരം 3500/- രൂപയും തനത്ഫണ്ടിൽ

നിന്നും 400/- രൂപയുമുൾപ്പടെ 3900/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഈ രണ്ട് വിദ്യാർത്ഥികളുടെയും സ്കൂൾ രേഖകളോ പഠനോപകരണങ്ങൾ വാങ്ങിയെന്നതിനുള്ള ബില്ലുകളോ ഹാജരാക്കാതെയാണ് സബ്സിഡി നൽകിയിട്ടുള്ളത്.

സബ്സിഡി അനുവദിക്കുന്നതിനാവശ്യമായ രേഖകളില്ലാതെ നൽകിയ 15900/- രൂപ (Rs.6000+Rs.6000+ Rs.3900) യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 വെള്ളക്കരം - കുടിശ്ശിക നൽകിയ തുകയുടെ വിശദാംശങ്ങളില്ല

2015-16 ൽ സെക്രട്ടറി നടപ്പിലാക്കിയ വെള്ളക്കരം അടവ് വരുത്തൽ (പ്രോജക്ട് നം - 04/16) എന്ന പദ്ധതിയിൽ മെയിന്റനൻസ് ഗ്രാന്റിൽ (റോഡിതരം) നിന്ന് 13,64,721/- രൂപ വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. ട്രഷറി ബിൽ നം 49/15-16 പ്രകാരം 18.03.16 ൽ പിൻവലിച്ച ഡിസംബർ മാസത്തെ വെള്ളക്കരത്തോടൊപ്പം (Rs.131250/-) മുൻവർഷങ്ങളിലെ കുടിശ്ശിക 3,14,721/- രൂപ അടക്കം 445971/- രൂപയാണ് 19.03.16 ലെ ഡി.ഡി നം - 198488 പ്രകാരം നല്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് എല്ലാ മാസവും കൃത്യമായി വെള്ളക്കരം അടക്കുന്ന സാഹചര്യത്തിൽ 314,721/- രൂപ കുടിശ്ശികയെന്ന പേരിൽ നൽകിയത് വിശദീകരിക്കപ്പെട്ടിട്ടില്ല. 2015 ഏപ്രിൽ മാസത്തെ ബില്ലിൽ 31/03/2015 ൽ 2,54,171/- രൂപ മാത്രമാണ് കുടിശ്ശികയായി കാണിച്ചിരുന്നത്. നൽകിയ കുടിശ്ശിക തുകയുടെ കൃത്യമായ കാലയളവ്, അടക്കാനുണ്ടായിരുന്ന ബിൽ തുകയുടെ വിശദാംശങ്ങൾ, ഉയർന്ന തുക പിഴപ്പലിശ നൽകാനുള്ള സാഹചര്യം എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയില്ല. വാട്ടർ അതോറിറ്റി പ്രതിവർഷം 24% നിരക്കിലാണ് പിഴ ഈടാക്കുന്നത്. വാട്ടർ അതോറിറ്റിയുടെ പ്രതിമാസ അടവ് മുടങ്ങാത്ത സാഹചര്യത്തിൽ നൽകിയ കുടിശ്ശിക തുകയുടെ ഭൂരിഭാഗവും 24% നിരക്കിലുള്ള പിഴയാണ് എന്ന് കണക്കാക്കാവുന്നതാണ്. 314,721/- രൂപ കുടിശ്ശിക നൽകുന്നതിന് മുമ്പ് വാട്ടർ അതോറിറ്റിയിൽ നിന്ന് ഈ തുകയുടെ വിശദാംശങ്ങളോ കുടിശ്ശിക ഒറ്റത്തവണയായി പിഴകൂടാതെ അടക്കാൻ സാധിക്കുമോ എന്ന കാര്യമോ പഞ്ചായത്ത് പരിശോധിച്ചത് സംബന്ധിച്ച രേഖകളില്ല.കുടിശ്ശിക സംബന്ധിച്ച കൃത്യമായ വിവരങ്ങളുടെ അടിസ്ഥാനത്തില്ലാതെ നൽകിയ 314,721/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 ഡെപ്പോസിറ്റ് വർക്ക്-പ്രവൃത്തി പൂർത്തികരിക്കാതെ വീണ്ടും അധിക തുക നൽകി

ബിൽ നമ്പർ – 59/15-16, 31.03.2016, 71000/- രൂപ

2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതു പ്രകാരം ഡെപ്പോസിറ്റ് വർക്കിനായി കേരള വാട്ടർ അതോറിറ്റിയിൽ നൽകിയ 2,01,500/- രൂപ ക്രമീകരിക്കപ്പെടാത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ലഡ്ജർ പരിശോധിച്ചതിൽ ഈ തുക കരീത്തറ പ്രദേശത്തെ പൈപ്പ് ലൈൻ നീട്ടലിനായി 18/2014 പ്രോജക്ടിൽ നിന്നും 17/10/2013, 24/01/2014 തിയതികളിൽ നൽകിയ 1,56,000/- രൂപയും ചിറയിൽ പട്ടിക വർഗ്ഗ കോളനി പൈപ്പ് ലൈൻ നീട്ടൽ എന്ന ഡെപ്പോസിറ്റ് വർക്കിനായി 07/2014 പ്രോജക്ടിൽ നിന്നും 17/10/2013 ൽ നൽകിയ 45500/- രൂപയും ചേർന്നതാണ്. ഈ ഡെപ്പോസിറ്റ് പ്രവൃത്തികൾ നാളിതു വരെയായി പൂർത്തീകരിച്ചിട്ടില്ല. തുടർന്ന് 2015-16 ലെ സെക്രട്ടറി നടപ്പിലാക്കിയ "ചിറയിൽ പട്ടിക വർഗ്ഗ കോളനി പൈപ്പ് ലൈൻ നീട്ടൽ" എന്ന ഡെപ്പോസിറ്റ് വർക്കിനായി പ്ലാൻ ഫണ്ട്, തനത് ഫണ്ട് എന്നിവയിൽ നിന്നായി 1,65,000/-രൂപ (Rs. 71,000/- Plan Fund, Rs. 94,000/- Own Fund, drwan on 04/16) വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ ഡി.ഡി.യായി 15/06/2016 ലെ സി2-01/2012 കത്ത് പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ വാട്ടർ അതോറിറ്റി തുക കൈപ്പറ്റിയതിനും പ്രവൃത്തിക്കായി എഗ്രിമെന്റ് വെച്ചതിനും രേഖയില്ല. നിലവിൽ ഈ പ്രവൃത്തി നബാർഡിന്റെ സ്കീം വഴി പൂർത്തീകരിച്ചിട്ടുള്ളതായി അറിവായിട്ടുണ്ട്. ആയതിനാൽ ഈ വർക്കിന് വാട്ടർ അതോറിറ്റിക്ക് നൽകിയ ഡെപ്പോസിറ്റ് തുക തിരികെ ഈടാക്കുന്നതിനും മുൻ വർഷങ്ങളിലെ ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിച്ച് ധനവിനിയോഗ സർട്ടിഫിക്കറ്റ് വാങ്ങുന്നതിനും നടപടികൾ

സ്വീകരിക്കേണ്ടതാണ്. പുതിയ പ്രവൃത്തിക്കായി 2015-16 സാമ്പത്തിക വർഷം പ്ലാൻഫണ്ടിൽ നിന്നും തൻവർഷം ചെലവഴിച്ച 71,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 പാലിയേറ്റീവ് ഹോം കെയർ രജിസ്റ്റർ പ്രകാരമല്ലാത്ത ചെലവ്

പാലിയേറ്റീവ് കെയർ (Project no-0166/16)

പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖകൾ (ജി.ഒ (എം.എസ്) 228/2012 തസ്വഭവ, തിയതി – 23.08.2012 & ജി.ഒ (ആർ.ടി) 3217/2015 തസ്വഭവ, തിയതി - 29.10.2015) പ്രകാരം പാലിയേറ്റീവ് നഴ്സ് തയ്യാറാക്കി സൂക്ഷിക്കേണ്ട പാലിയേറ്റീവ് ഹോം കെയർ റിപ്പോർട്ട് ബുക്കാണ് ഓരോ ദിവസത്തെയും ഗൃഹസന്ദർശനം സംബന്ധിച്ച മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തുന്ന ആധികാരിക രേഖ. ഈ ബുക്കിൽ ഹോം കെയർ തുടങ്ങിയ സമയം, ടീമംഗങ്ങളുടെ വിവരം, രോഗികളുടെ വീട്ടിൽ എത്തിയതും തിരിച്ചിറങ്ങിയതുമായ സമയം, രോഗികളുടെ അവസ്ഥ, ചെയ്ത സേവനങ്ങൾ, എന്നിവയെല്ലാം രേഖപ്പെടുത്തേണ്ടതാണ്. ഹോം കെയർ റിപ്പോർട്ട് ബുക്ക് പ്രകാരമാണ് ഭവനസന്ദർശനം നടത്തുന്ന ദിവസങ്ങളിലെ വാഹന വാടക, ഭക്ഷണച്ചെലവ് എന്നിവ അനുവദിക്കുന്നത്. 2015-16 സാമ്പത്തിക വർഷത്തെ പാലിയേറ്റീവ് പരിചരണത്തിന്റെ വൗച്ചറുകൾ പരിശോധിച്ചതിൽ ഹോം കെയർ റിപ്പോർട്ട് ബുക്ക് പ്രകാരം ഭവനസന്ദർശനം നടത്തിയിട്ടുള്ള ടീമംഗങ്ങളുടെ എണ്ണത്തിലുമധികം തുക അതാത് ദിവസങ്ങളിൽ ഭക്ഷണച്ചെലവായി (ഒരാൾക്ക് 60/- രൂപ നിരക്കിൽ) നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഹോം കെയർ രജിസ്റ്ററിലെ / വൗച്ചർ തിയതി | ഹോംകെയർ രജിസ്റ്റർ പ്രകാരമുള്ള ടീമംഗങ്ങളുടെ എണ്ണം (ഡ്രൈവറുൾപ്പടെ) | ബില്ല് പ്രകാരമുള്ള അംഗങ്ങളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | 07.07.15 | 3 | 5 | 300/- |
| 2 | 28.07.15 | 4 | 5 | 300/- |
| 3 | 06.08.15 | 4 | 5 | 300/- |
| 4 | 13.08.15 | 3 | 5 | 300/- |
| 5 | 20.08.15 | 3 | 5 | 300/- |
| 6 | 24.08.15 | 4 | 5 | 300/- |
| 7 | 28.08.15 | 4 | 5 | 300/- |

പാലിയേറ്റീവ് ഹോം കെയർ രജിസ്റ്റർ പ്രകാരം 2015 സെപ്തംബർ മാസം ഹോംകെയർ നടന്നത് 06/09/15, 13/09/15, 20/09/15, 30/09/15 തിയതികളിലാണ്. എന്നാൽ ഹോട്ടൽ ബില്ല് നൽകിയിരിക്കുന്നത് 04/09/15, 07/09/15, 10/09/15, 14/09/15, 18/09/15, 25/09/15 തിയതികളിലാണ്. പാലിയേറ്റീവ് ഹോം കെയർ റിപ്പോർട്ട് തയ്യാറാക്കിയതിൽ പേരുകളും തിയതികളും എഴുതിയതിലെ വീഴ്ച മൂലമാണ് അപാകങ്ങൾ

സംഭവിച്ചതെന്നാണ് മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുള്ളത്. പാലിയേറ്റീവ് ഹോംകെയർ റിപ്പോർട്ട് കൃത്യതയോടെ തയ്യാറാക്കുന്നതിനും പാലിയേറ്റീവ് ചെലവുകൾ ഇതുമായി പൊരുത്തപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 3-9 തൊഴിൽരഹിത വേതനം- അർഹതയില്ലാത്ത കാലയളവിലും നല്കി

2015-16 ലെ തൊഴിൽരഹിത വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ അനർഹമായ കാലയളവിലും താഴപ്പറയുന്നവർക്ക് വേതനം നല്കിയിട്ടുണ്ട്.

| ക്രമനം | പേര്, മേൽവിലാസം | ജനന തീയതി | ആനുകൂല്യത്തിന് അർഹമായ കാലയളവ് | ആനുകൂല്യം നൽകിയ കാലയളവ് | വിതരണം നടത്തിയ തീയതി | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 1. | മായ ബി, കൊച്ചുവെളി RollNo.1557 | 15-05-1981 | 05/2016 | 07/2016 വരെ | 06-09-2016 | 240/- |
| 2. | മഞ്ജു എ, തലയണശ്ശേരി, കുത്തിയതോട് RollNo.1276 | 25-03-1981 | 03/2016 | 07/2016 വരെ | 05-9-2016 | 480/- |
| 3. | ഷാനിമോൾ,കളത്തിത്തറ, കുത്തിയതോട് Roll No.1153 | 25-05-1981 | 05/2016 | 07/2016 വരെ | 05-09-2016 | 240/- |
| ആകെ | | | | | | 960/- |

വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തുക ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 3-10 12-ാം വാർഡിൽ പൈങ്ങുംതറ റോഡ് നിർമ്മാണവും പൈപ്പ് ഇടലും - ഗ്രാവൽ ഫില്ലിംഗ് അളവിൽ നിന്നും പൈപ്പിന്റെ വ്യാപ്തം കുറച്ചിട്ടില്ല

ബിൽ നം. 90/15-16, തീയതി. 31.03.2016, 200000/- രൂപ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 12-ാം വാർഡിൽ പൈങ്ങുംതറ റോഡ് നിർമ്മാണവും പൈപ്പ് ഇടലും (പ്രോജക്ട് നം. S0253/16) എന്ന പ്രോജക്ടിന്റെ ഒന്നാം ഇനമായി 183.38 $m^3$ ഗ്രാവൽ ഫില്ലിംഗും 2-ാം ഇനമായി 70മീറ്റർ നീളത്തിൽ 300mm diameter NP2 class RCC Pipe സ്ഥാപിക്കലുമാണ് ചെയ്തിട്ടുള്ളത്. അളവ് പുസ്തകം നം.81/15-16 പേജ് 3 പ്രകാരം ആകെ 183.38$m^3$ ഗ്രാവൽ ഫില്ലിംഗ് നടത്തിയതിൽ നിന്നും കൺസോളിഡേഷനായി 10%, 18.34 $m^3$ കുറവ് വരുത്തിയതിനുശേഷം 165.04$m^3$-ന് 891.18/$m^3$ നിരക്കിൽ 147080.35 രൂപ കൺവീനർ ശ്രീ.പസ്കാൾ, ആലത്തറ എന്ന വ്യക്തിക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഫില്ലിംഗ് അളവിൽ നിന്നും RCC പൈപ്പിന്റെ വ്യാപ്തമായ 4.945 $m^3$ (3.14x0.3x0.3x70 / 2x2) കുറവാക്കിയിട്ടില്ല.

ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 26.11.2016-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 25-ന് അധികമായി അനുവദിച്ച തുക കൺവീനറിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്ന താണെന്ന് അറിയിച്ചിട്ടുണ്ട്. 4.945$m^3$ ഗ്രാവൽ ഫില്ലിംഗിന് 891.18/$m^3$ നിരക്കിൽ 4407/- രൂപ അധികം

ചെലവഴിച്ചത് കൺവീനറിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-11 8-ാം വാർഡിൽ വടക്കുംപ്രായിൽ ഫുട്പാത്ത് കോൺക്രീറ്റിംഗ് - സിമന്റ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകി

ബിൽ നം.1/2015-16, തീയതി. 22.07.2015, 99651/- രൂപ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 8-ാം വാർഡിൽ വടക്കുംപ്രായിൽ ഫുട്പാത്ത് കോൺക്രീറ്റിംഗ് (നം. S0146/16) എന്ന പ്രവൃത്തിയുടെ 3-ാം ഇനമായ "Cement Concrete 1:3:6 using 20mm broken stone including all labour for wearing coat" എന്നതിന് അധികനിരക്ക് അനുവദിച്ചതായി കാണുന്നു. 2012 ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരം ഗുണഭോക്തൃസമിതിക്ക് അനുവദിച്ചിരിക്കുന്ന നിരക്ക് $6849/m^3$ ആണ്. എന്നാൽ അനുവദിക്കാവുന്ന നിരക്ക് $6135/m^3$ ആണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| Item | | Quanity | Rate | Amount |
|---|---|---|---|---|
| Materials | 20mm BS | $0.009m^3$ | $942/m^3$ | 8.48 |
| | sand | $0.0045m^3$ | $2314/m^3$ | 10.41 |
| | cement | 2.16kg | 5940/t | 12.83 |
| Conveyance | 40mm BS | $0.009m^3$ | $758/m^3$ | 6.82 |
| | sand | $0.0045m^3$ | $934/m^3$ | 4.20 |
| | cement | 2.16kg | 323/t | 0.70 |
| Labour | 0.002 mason | | 471/E | 0.94 |
| | 0.01 man | | 377/E | 3.77 |
| | 0.035 woman | | 377/E | 13.20 |
| Total | | | | $61.35/10dm^3$ |

പ്രസ്തുത ഇനത്തിന് അളവുപുസ്തകം 29/14-15 പേജ് 5 പ്രകാരം $5m^3$-ന് $6849/m^3$ നിരക്കിൽ 34245/- രൂപയാണ് കൺവീനർ ശ്രീ.റോയ്. കെ. പി, കാരമൂട്ടിൽ എന്ന വ്യക്തിക്ക് അനുവദിച്ചിട്ടുള്ളത്. അധിക നിരക്ക് നൽകിയതിന്മേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 25.11.2016-ൽ നൽകിയ 17-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് 2012-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് കൈവശം ഇല്ലാത്തതിനാൽ വിശദീകരണം പിന്നീട് അറിയിക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്.അധിക നിരക്ക് നൽകിയതുമൂലമുള്ള നഷ്ടം 3570/- രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതിക അനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-12 9-ാം വാർഡിൽ എം.വി.പുരുഷൻ-പി.എച്ച്.സി റോഡ് ടാറിംഗ് - ബ്ലെന്റിംഗ് മെറ്റീരിയൽ ആവശ്യത്തിലധികം ഉപയോഗിച്ചത് മൂലം അധിക

**ചെലവ്.**

ബിൽ നം. 81/15-16, തീയതി. 31.03.2016, 221283/- രൂപ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ എം. വി. പുരുഷൻ - പി.എച്ച്.സി റോഡ് ടാറിംഗ് (നം. S0147/16) എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ബ്ലൈന്റിംഗ് മെറ്റീരിയൽ ആവശ്യത്തിലധികം ഉപയോഗിച്ചതായി കാണുന്നു. അളവുപുസ്തകം 70/AE/KDM/15-16 പേജ് 3, ഇനം 4 പ്രകാരം 12.777 $m^3$ ചുവന്ന മണ്ണ് സ്റ്റാക്ക് ചെയ്യുകയും പേജ് 10 പ്രകാരം 12.50$m^3$ ആയി ലിമിറ്റ് ചെയ്ത് 945/$m^3$ നിരക്കിൽ 11812.50 രൂപ കൺവീനർ ശ്രീ.കെ.വി.കുഞ്ഞുകുഞ്ഞിന് നൽകുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിക്ക് ആവശ്യമായ റെഡ് എർത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | പ്രവൃത്തിയുടെ വിവരം | അളവ് | ആവശ്യമായ ബ്ലൈന്റിംഗ് മെറ്റീരിയലിന്റെ അളവ് |
|---|---|---|---|
| 5 | Re metalling the road way with departmental broken stone and blinding material [New broken stone supplied at 0.50$m^3$ for 10$m^2$ and blinding material at 0.12 $m^3$ for 10$m^2$] | 289.10$m^2$ Ltd to 288$m^2$ | 289.10X0.012= 3.47$m^3$ |
| 6 | Metalling the road way 100mm spread thickness with 36mm departmental materials, compacted to 75 mm thickness as per IRC Specifications | 430.70$m^2$ Ltd to 423$m^2$ | 430.70X0.015= 6.46 $m^3$ |
| | | | 9.93$m^3$ |

2.57$m^3$ (12.50 – 9.93) മണ്ണിന് 945/$m^3$ നിരക്കിൽ 2429/- രൂപ അധികം ചെലവഴിച്ചതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.16-ന് അധികം നൽകിയ തുക കൺവീനറിൽ നിന്ന് തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക 2429/- രൂപ കൺവീനറിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-13 ഫില്ലിംഗിന്റെ ടേപ്പ് മെഷർമെന്റ് അളവിൽ നിന്നും 10% കുറവ് വരുത്തിയില്ല

ബിൽ നം 21/15-16 തീയതി.25.09.2015 43987/-

ബിൽ നം.22/15-16 തീയതി.25.09.2015 50000/-

12-ാം വാർഡിൽ കായിക്കര – പനക്കാംതറ റോഡ് നിർമ്മാണം (നം.129/16) എന്ന പ്രവൃത്തിയുടെ 2-ാം ഇനമായി 73 മീറ്റർ നീളത്തിൽ 56.82$m^3$ ഗ്രാവൽ ഫില്ലിംഗ് നടത്തിയിട്ടുണ്ട്. 01.02.2012-ലെ ജി.ഒ(പി) 13/2012/PWD പ്രകാരം 2012-ൽ പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ സെക്ഷൻ 2109 പ്രകാരം ഫില്ലിംഗിന്റെ ടേപ്പ് മെഷർമെന്റ് അളവിൽ നിന്നും 10% കുറവ് വരുത്തേണ്ടതാണ്. എന്നാൽ അളവുപുസ്തകം 41/15-16 (പേജ് 5) പ്രകാരം 10% കുറവ് വരുത്താതെയാണ് പ്രസ്തുത ഇനത്തിന്റെ തുക കൺവീനർ ശ്രീമതി. രത്നവല്ലിക്ക് അനുവദിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് 25.11.2016-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 20-ന് അധികം നൽകിയ തുക കൺവീനറിൽ നിന്നും ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഈ ഇനത്തിലുള്ള നഷ്ടം 4583/- രൂപ (5.682X8065/10$m^3$) കൺവീനറിൽ നിന്നും ഈടാക്കാത്ത പക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-14 ലേബർ ചാർജ് ഇനത്തിൽ അധിക തുക നല്കി

പഞ്ചായത്ത് ഓഫീസിനോട് ചേർന്നുള്ള SGSY കെട്ടിടത്തിന്റെ മുകളിലത്തെ നിലയിലുള്ള വരാന്തയ്ക്ക് ചുറ്റും പ്രാവ് കയറാതെ നെറ്റ് വിരിച്ചതിന്റെ ലേബർ ചാർജ് ഇനത്തിൽ 3006/- രൂപയും മെറ്റീരിയൽസിന്റെ

വിലയായി 4996/-രൂപയും ഉൾപ്പെടെ ആകെ 8000/- രൂപ (ചെക്ക് നം.194348/ 13.04.2015) ശ്രീ. സാർജൻ. എം. എച്ച് എന്നയാൾക്ക് നല്കിയിട്ടുണ്ട്. ഭൗതീക പരിശോധനയിൽ കെട്ടിടത്തിന്റെ മൂന്ന് വശങ്ങളിലായി നൈലോൺ വല വിരിച്ചിട്ടുള്ളതായി കണ്ടു. എന്നാൽ വലയുടെ മുകൾ ഭാഗം കെട്ടിടത്തിന്റെ ഷീറ്റിൽ ഘടിപ്പിച്ചിട്ടുള്ള ഹുക്കിൽ പിടിപ്പിക്കുകയും താഴത്തെ അറ്റം കൈവരിയിൽ കെട്ടിവയ്ക്കുകയുമാണ് ചെയ്തിട്ടുള്ളത്. ഇതിനായി ഒരു ദിവസത്തെ ലേബർ പോലും ആവശ്യമില്ലെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതിന് ലേബർ ചാർജിനത്തിൽ 3006/- രൂപ നല്കിയിട്ടുണ്ട്. വല വിരിക്കുന്നതിനായി അമിത ലേബർ ചാർജ് നല്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നല്കിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല. ഓഫീസ് കണ്ടിജന്റ് ചെലവിനങ്ങളിലെ ഇപ്രകാരമുള്ള അമിത ചെലവുകൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-15 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- അവലോകനം

കോടംതുരുത്ത് ഗ്രാമപഞ്ചായത്തിലെ 2015-16 വർഷത്തിലെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് സംബന്ധിച്ച പരിശോധിച്ചതിൽ പദ്ധതികൾ പ്രധാനമായും നടത്തിയത് കാർഷിക അനുബന്ധ മേഖലയിലാണ്. 282 പദ്ധതികളിലായി 205.81 ലക്ഷം രൂപയാണ് ഈ വർഷം വേതനം നൽകുന്നതിനായി ചെലവഴിച്ചത്. നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(1) രജിസ്ട്രേഷൻ, തൊഴിൽ ദിനങ്ങൾ എന്നിവയുടെ വിവരം

| | |
|---|---|
| തൻവർഷം രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 78 |
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 2976 |
| തൊഴിലിന് അപേക്ഷ നൽകിയ കുടുംബങ്ങളുടെ എണ്ണം | 1474 |
| തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1474 |
| ആകെ പ്രവൃത്തി ദിനങ്ങൾ | 91954 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ചവരുടെ എണ്ണം | 312 |

(2) ഏറ്റെടുത്ത പദ്ധതികളുടെ വിവരങ്ങൾ (2015-16)

| | |
|---|---|
| തൻവർഷം ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | 1391 |
| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 323 |
| തൻവർഷം പൂർത്തിയാക്കിയത് | 282 |
| സ്പിൽ ഓവറായി നടപ്പാക്കിയത് | 1 |
| ഉപേക്ഷിച്ച പദ്ധതികളുടെ എണ്ണം | 40 |
| പൂർത്തിയാക്കിയ പദ്ധതികളുടെ ശതമാനം | 87.30% |

(3) വിവിധ മേഖലകളിലെ പ്രവൃത്തികളുടെ വിശദ വിവരം

| ക്രമ നം. | ഇനവിവരം | പ്രവൃത്തികളുടെ എണ്ണം | ചെലവ് തുക (ലക്ഷത്തിൽ) |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ഭൂവികസന പ്രവർത്തനങ്ങൾ | 75 | 50.92 |
| 2 | ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 57 | 49.40 |
| 3 | ജല സംരക്ഷണം | 37 | 37.89 |
| 4 | വെള്ളപ്പൊക്ക നിയന്ത്രണം | 45 | 32.42 |
| 5. | മറ്റിനം | 68 | 35.18 |
| | ആകെ | 282 | 205.81 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 അക്കൗണ്ട്സ് പരിശോധന - അപാകതകൾ

1. ജില്ലാ സഹകരണ ബാങ്കിലെ തനത്ഫണ്ട് അക്കൗണ്ടിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Cheques issued but not cleared ൽ കാലഹരണപ്പെട്ട ചെക്കുകളുടെ വിവരങ്ങളും കൂടി ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയിട്ടുള്ളത്.
2. വസ്തു നികുതി- സഞ്ചയ സോഫ്റ്റ് വെയർ, എ.എഫ്.എസ് എന്നിവ പ്രകാരമുള്ള ഡിമാന്റ്, കുടിശ്ശിക എന്നിവ 2015-16 ലെ വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള കുടിശിക, ഡിമാന്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
3. ഡെപ്പോസിറ്റ് രജിസ്റ്ററിലെ ഓരോ വർഷത്തെയും ഇനം തിരിച്ചുള്ള ഡെപ്പോസിറ്റുകൾ കൃത്യമായി തയ്യാറാക്കിയിട്ടില്ല. ഇവ വാർഷിക ധനകാര്യപത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
4. വാർഷിക ധനകാര്യ പത്രികയിലെ ആസ്തി വിവരങ്ങളിൽ ആസ്തി രജിസ്റ്റർ,സചിത്ര സോഫ്റ്റ്വെയർ പ്രകാരമുള്ള എല്ലാ ആസ്തി വിവരങ്ങളും ഉൾപ്പെടുത്തിയിട്ടില്ല.

## 4-2. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2015-16 | 120000<br>118200 | 87/16 – ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 120000 | 118200 |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 118200 | 87/16 – ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 118200 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 143363 | 86/16 – അനുപൂരക പോഷകാഹാരം | 142798 | 565 |

## 4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർമ്മാണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ വൗച്ചർ നമ്പർ/ ഡി.ഡി.നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 258/16ചിറയിൽ പട്ടികവർഗ്ഗകോളനിയിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | 123016/ 02.04.2016 | 71000 | 0 | 71000 |
| കെ.എസ്.ഇ.ബി | 177/16 സെന്റ് മാർട്ടിൻ സ്കൂൾ-മണ്ണംചിറ പാലം, ഫാത്തിമ മാതാ പള്ളി റോഡ്, പഴങ്ങാട്ട്ചിറ-പറവട്ടേഴത്ത് റോഡ് എന്നിവിടങ്ങളിൽ തെരുവ് വിളക്ക് ലൈൻ നീട്ടൽ | 195321/ 25.08.2015 | 403430 | 0 | 403430 |
| കെ.എസ്.ഇ.ബി | 248/16 വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 968841/ 02.04.2015 | 22890 | 0 | 22890 |
| കെ.എസ്.ഇ.ബി | 207/15 തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തൽ | 966211/ 30.12.2014 | 201400 | 0 | 201400 |

## 4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-5. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | | |
| ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി | സ. ഉ (സാധാ) നം. 747/2010/ ത.സ്വ.ഭ.വ തീയതി.05.03.2010 | 8262500 | 2602323 | 1178082 | - | 1424241 | - |

## 4-6. സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-7. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2125/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| റിപ്പോർട്ട് | ഭാഗം/ഖണ്ഡിക | ഈടാക്കിയ | ഒടുക്കിയ ആളുടെ പേരും | രസീത് നം./തീയതി |
|---|---|---|---|---|

| വർഷം | | തുക | ഉദ്യോഗപ്പേരും | |
|---|---|---|---|---|
| 2009-10 | 3-3 | 2125 | പ്രധാനാധ്യാപി, ഗവ.യു.പി.എസ്, ചങ്ങരം | 11501100996/19.08.2015 |

## 4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

--ഇല്ല--

## 4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 26681052 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 43323899 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 14989 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 482866 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 3-10 | | 4407 | റേച്ചൽ ബഞ്ചമിൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-11 | | 3570 | 1. സോണിയ.ബി, അസിസ്റ്റന്റ് എഞ്ചിനീയർ<br>2. കെ.ദിനേശൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-12 | | 2429 | റേച്ചൽ ബഞ്ചമിൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-13 | | 4583 | റേച്ചൽ ബഞ്ചമിൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 14989 | |

തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 16245 | രഞ്ജിത്ത് മോനായി, മെഡിക്കൽ ഓഫീസർ |
| 3-3 | 65000 | സെയ്ഫുന്നിസ, എൽ.വി.ഇ.ഒ, വല്ലേത്തോട് |
| 3-5 | 15900 | സാംസൺ. എസ്, വി.ഇ.ഒ, കോടംതുരുത്ത് |

| | | |
|---|---|---|
| 3-6 | 314721 | ശ്രീജ. സി, സെക്രട്ടറി |
| 3-7 | 71000 | എസ്. വേണുഗോപാൽ, സെക്രട്ടറി |
| ആകെ | 482866 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എസ്.വേണുഗോപാൽ, സെക്രട്ടറി | സെക്രട്ടറി,<br>കുത്തിയതോട് ഗ്രാമ പഞ്ചായത്ത് | ഡി.എസ് നിലയം,<br>എഴുപുന്ന തെക്ക്<br>പി.ഒ |
| ശ്രീമതി. ശ്രീജ.സി, സെക്രട്ടറി | സെക്രട്ടറി,<br>പട്ടണക്കാട് ഗ്രാമ പഞ്ചായത്ത് | ഹരിഹരവിലാസം,<br>കരീക്കാട് പി.ഒ,<br>തണ്ണീർമുക്കം |
| ശ്രീമതി.റേച്ചൽ ബഞ്ചമിൻ,<br>അസി.എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>കോടംതുരുത്ത് ഗ്രാമ പഞ്ചായത്ത് | ബഥേൽ, അരൂർ<br>പി.ഒ |
| ശ്രീമതി.സോണിയ ബി,<br>അസി.എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>PWD റോഡ്സ് ഡിവിഷൻ,<br>ചേർത്തല | മറ്റവനചിറ,<br>കുറുപ്പൻകുളങ്ങര,<br>ചേർത്തല |
| ശ്രീ.കെ.ദിനേശൻ, അസിസ്റ്റന്റ്<br>എക്സിക്യൂട്ടീവ് എഞ്ചിനീയർ | സർവ്വീസിൽ നിന്നും വിരമിച്ചു. | ദിവ്യാ ഗ്രഹം,<br>വാരനാട് പി.ഒ,<br>ചേർത്തല |
| ഡോ.രഞ്ജിത്ത് മോനായി,<br>മെഡിക്കൽ ഓഫീസർ | പി.എച്ച്.സി, കോടംതുരുത്ത് | രഞ്ജിത്ത് ഭവനം,<br>വെച്ചൂർ പി.ഒ |
| ശ്രീമതി. സെയ്ഫുന്നിസ, എൽ.വി.ഇ.ഒ | എൽ.വി.ഇ.ഒ, വല്ലേത്തോട് | ദറുസലേം,<br>കടക്കരപ്പള്ളി പി.ഒ |

| | | |
|---|---|---|
| ശ്രീ.സാംസൺ.എസ്, വി.ഇ.ഒ | വി.ഇ.ഒ, കോടംതുരുത്ത് | സാം നിവാസ്, കടക്കരപ്പള്ളി പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 2006-07 | എൽ.എഫ്.ജി.എ5-1577/2013/6.05.2014 |
| 2007-08 | എൽ.എഫ്.ജി.എ5-1577/2013/12.05.2014 |
| 2008-09 | എൽ.എഫ്.ജി.എ5-1577/2013/07.05.2014 |
| 2009-10 | എൽ.എഫ്.ജി.എ5-1577/2013/20.05.2014 |
| 2010-11 | എൽ.എഫ്.എപി.8-821/2012/05.11.12/31.12.12 |
| 2011-12 & 2012-13 | എൽ.എഫ്.എപി.8-192/2014/26.06.14/03.07.14 |
| 2013-14 | കെ.എസ്.എ.എ.എൽ.പി.പി11-1620/15/17.12.15/31.12.15 |
| 2014-15 | കെ.എസ്.എ.എ.എൽ.പി.പി12-831/16/29.07.16 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

കെ.എസ്.എ-എ.എൽ.പി-പി12-1252/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ.
ഫോൺ – 0477-2252753,
ഇ-മെയിൽ – ddhglfalpy@gmail.com

തീയതി:
16.12.2016

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215-ം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ കോടംതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കോടംതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

KSA-ALP-P12-1252/16

Kerala State Audit Department,

District Audit Office, Alappuzha,
Ph : 0477-2252753,
E-mail : ddhglfalpy@gmail.com

Date: 16.12.2016

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Kodamthuruth Grama panchayat in Alappuzha district for the year ended on 31.3.2016 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kodamthuruth Grama panchayat for the year 2015-16 except the observations in Para 4-1 of my audit report properly presents the picture of income and expenditure.

Deputy

Director